# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4858 19/05/2017-ൽ മറുപടിയ്ക്ക്

**മലപ്പുറം മുണ്ടുപറമ്പ് ബൈപാസ് റോഡിൽ പ്രവർത്തിക്കുന്ന പുതിയ മദ്യവില്പനശാല**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ മദ്യശാലകൾ വേണ്ടെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിധിയുടെ അടിസ്ഥാനത്തിൽ മലപ്പുറം മുണ്ടുപറമ്പ് ബൈപാസ് റോഡിൽ പ്രവർത്തിക്കുന്ന പുതിയ മദ്യവില്പനശാല നിയമ വിധേയമാണോ ; | (ബി) നിയമവിധേയമാണ് |
| (സി) നഗരസഭയുടെയും എക്സൈസ് വകുപ്പിന്റെയും ലൈസൻസ് പ്രസ്തുത സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ടോ; | (സി) എക്സൈസ് വകുപ്പിന്റെ ലൈസൻസ് ലഭിച്ചിട്ടുണ്ട്. നഗരസഭയുടെ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) എക്സൈസ് വകുപ്പ് അനുവദിച്ച ലൈസൻസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ

മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

**(സാന്നിദ്ധ്യം: വി.ആർ.അനിൽകുമാർ)**

വിഷയം :–അബ്കാരി– മലപ്പുറം റെയിഞ്ച് പരിധിയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ 1 –10008 നമ്പർ വിദേശമദ്യഷാപ്പ് മലപ്പുറം മുൻസിപ്പാലിറ്റിയിലെ 11/618 നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന:–1. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസ് പെരിന്തൽമണ്ണ മാനേജരുടെ 18.04.2017 തിയതിയിലെ അപേക്ഷ.

2. മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ 20.04.2017 തിയതിയിലെ എം.സി 5/2017 നമ്പർ കത്ത്.

3. 21.03.2017 തിയതിയിലെ ജി.ഒ (പി) നമ്പർ 14/2017/ടി.ഡി നമ്പർ ഉത്തരവ്.

4. മലപ്പുറം മുൻസിപ്പാലിറ്റിയിലെ 11/618 നമ്പർ കെട്ടിട ഉടമകളായ ശ്രീ. രാജലക്ഷ്മി, ബാലകൃഷ്ണൻ, ജയ, വിനോദ്, മനോജ്, എന്നിവർ നൽകിയ സമ്മതപത്രം.

**<u>ഉത്തരവ് നമ്പർ എം.5– 1504/17 തിയതി 28.04.2017</u>**

മലപ്പുറം ഡിവിഷനിലെ മലപ്പുറം റെയിഞ്ച് പരിധിയിലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ എഫ്.എൽ 1 10008 നമ്പർ വിദേശമദ്യഷാപ്പ് എം 6/2003–04 നമ്പറായി ലൈസൻസ് ചെയ്തിട്ടുള്ളതും, മലപ്പുറം മുൻസിപ്പാലിറ്റിയിലെ XVII/723C,723D നമ്പർ മുറികളിൽ പ്രവർത്തിച്ചുവന്നിരുന്നതുമാണ്. എന്നാൽ ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന ടി ഷോപ്പ് ബഹു: സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും മലപ്പുറം മുൻസിപ്പാലിറ്റിയിലെ 11/618 നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് വായന 1 പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസ് മാനേജരുടെ പെരിന്തൽമണ്ണ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിലേക്കായി കെട്ടിട ഉടമകളുടെ സമ്മതപത്രം വായന 4 പ്രകാരം സമർപ്പിച്ചിട്ടുള്ളതുമാണ്.

സൂചന 1 അപേക്ഷയുടെ അടിസ്ഥാനത്തിൽ മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷോപ്പ് മാറ്റി സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കെട്ടിടം പരിശോധിച്ചതിൽ ടി കെട്ടിടം എലുകക്കുള്ളിൽ തന്നെയാണെന്നും അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾ 2002ലെ റൂൾ 7(2) പ്രകാരമുള്ള ദൂരപരിധി പാലിക്കുന്നുണ്ടെന്നും ദേശീയ/സംസ്ഥാന പാതയിൽ നിന്നും 500 മീറ്ററിലധികം ദൂരെയാണെന്നും സൂചന 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതുകൊണ്ട് പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നും ശുപാർശ ചെയ്തിട്ടുള്ളതുമാണ്. സൂചന 3 സർക്കാർ ഉത്തരവ് പ്രകാരം ടി ഷോപ്പ് ഏറനാട് താലൂക്ക് അതിർത്തിക്കുള്ളിൽ സ്ഥാപിച്ച് നടത്താവുന്നതാണ്.

പ്രസ്തുത സാഹചര്യത്തിൽ മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും മലപ്പുറം റെയിഞ്ച് പരിധിയിൽ പ്രവർത്തിക്കുന്ന എഫ്.എൽ 1 10008 നമ്പർ വിദേശമദ്യഷാപ്പ് മലപ്പുറം മുൻസിപ്പാലിറ്റിയിലെ XVII/723C,723D നമ്പർ മുറികളിൽ നിന്നും മലപ്പുറം മുൻസിപ്പാലിറ്റിയിലെ 11/618 നമ്പർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലൈസൻസിലും ലൈസൻസ് രജിസ്റ്ററിലും താഴെ പറയുന്ന പ്രകാരം രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

**<u>ഷാപ്പിന്റെ അതിരുകൾ കാണിക്കുന്ന പട്ടിക</u>**

| ഷോപ്പിന്റെ പേര് | താലൂക്ക് | വില്ലേജ് | കര | കെട്ടിട നം | അതിരുകൾ | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | വടക്ക് | തെക്ക് | കിഴക്ക് | പടിഞ്ഞാറ് | റിമാർക്ക്സ് |
| എഫ്.എൽ 1 10008 മലപ്പുറം | ഏറനാട് | മലപ്പുറം | മലപ്പുറം | 11/618 | കുത്രാടൻ ഇബ്രാഹിം മുതൽ പേർ സ്ഥലം | പുതിയ കോവിൽ പറമ്പ് ശാന്ത വക പുരയിടം | PWD ബൈപാസ് റോഡ് | ചാഴിക്കുന്നത്ത് പറമ്പ് കെ.വി.പി മുരളീധരൻ വക പുരയിടം | |

(ഒപ്പ്)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,
മലപ്പുറം.

ലൈസൻസി.
പകർപ്പ്:
1. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, മഞ്ചേരി
2. എക്സൈസ് ഇൻസ്പെക്ടർ, മലപ്പുറം
3. ഉത്തരവ് ഫയൽ.